പോലീസ് വകുപ്പ്

കേരളം

**No. H1-22167/2022/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
cmdtkap1.pol@kerala.gov.in
04842781290
തീയതി. 13-09-2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ശ്രീ .സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839- നെതിരായ ശിക്ഷണനടപടികൾ- തീർപ്പ കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1) ഈ ഓഫീസിലെ 23-12-2022 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.

2) ഓഫീസർ കമാൻഡിംഗ് എ കമ്പനിയുടെ 25-07-2023 തീയതിയിലെ 284/23/എ/കെ എ പി 1 നമ്പർ ശിക്ഷണ നടപടികുറിപ്പുകൾ

3) ഈ ഓഫീസിലെ 04-08-2023 തീയതിയിലെ മേൽ നമ്പർ കത്ത്

4) ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിയുടെ 10-08-2023 തീയതിയിലെ 2749858/2023 നമ്പർ കത്ത്

കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ എഫ് കമ്പനിയിൽ പ്രവർത്തിയെടുത്തു വരുന്ന ശ്രീ. സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839 എന്ന നിങ്ങൾ 10-08-2022 തീയതി മുതൽ 20-09-2022 തീയതി വരെ 42 ദിവസം മെഡിക്കൽ അവധിയ്ക്ക് അപേക്ഷിക്കുകയും ആയത് അനുവദിച്ച നൽകിയിട്ടുള്ളതുമാണ്. തുടർന്ന് 21-09-2022 തീയതി മുതൽ 14 ദിവസം കൂടി മെഡിക്കൽ അവധിയിൽ തുടരുകയാണ് എന്ന് ഫോൺ മുഖേന കമ്പനിയിൽ അറിയിക്കുകയും എന്നാൽ അവധി അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ രേഖകൾ സഹിതം സമർപ്പിക്കുകയോ, ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്യാത്തതിനാൽ കമ്പനി ജിഡിയിൽ ഓ എസ് എൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഡ്യൂട്ടിയ്ക്ക് ഹാജരാകുവാനോ, ഹാജരാകുവാൻ സാധിക്കില്ലായെങ്കിൽ ആയതിന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് 3 നോട്ടീസുകൾ ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി നിങ്ങൾക്ക് നൽകിയിട്ടുള്ളതും ആയത് നിങ്ങൾ സ്ഥലത്തില്ലാത്തതിനാൽ നിങ്ങളുടെ പിതാവ് കൈപ്പറ്റിയിട്ടുള്ളതുമാണ്. നിങ്ങൾ വിദേശ രാജ്യത്തേയ്ക്ക് പോയി എന്ന് നിങ്ങളുടെ പിതാവിൽ നിന്നും അറിയാൻ കഴിഞ്ഞു. തുടർന്ന് നിങ്ങളെ 21-09-2022 തീയതി മുതൽ സേനയിൽ നിന്നും ഒളിച്ചോടിയതായി (ഡെസർട്ടർ) പ്രഖ്യാപിച്ചുകൊണ്ട് ഈ ഓഫീസിലെ 22-10-2022 തീയതിയിലെ എ5(എ)-18198/2022/കെ എ പി 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അച്ചടക്കമുള്ള പോലീസ് സേനയിലെ അംഗമായ നിങ്ങൾ അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേയ്ക്ക് പോകുവാൻ പാടുള്ളൂ എന്നിരിക്കേ ആയതിനു വിരുദ്ധമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിന്ന് വിദേശ രാജ്യത്തേയ്ക്ക് കടന്നു പോയത് കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ് എന്ന് കാണുകയാൽ വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷണ നടപടികുറിപ്പുകൾ സമർപ്പിക്കുന്നതിന് ഓഫീസർ കമാൻഡിംഗ് എ കമ്പനിയെ അധികാരപ്പെടുത്തികൊണ്ട് മേൽ സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. നിങ്ങൾക്കെതിരായ കുറ്റാരോപണമെമ്മോ തയ്യാറാക്കി അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും, അംഗീകരിച്ച കുറ്റാരോപണമെമ്മോ നിങ്ങളെ നേരിൽ കണ്ട് കൈമാറാൻ സാധിക്കാത്തതിനാൽ പത്രമാധ്യമം വഴി പ്രസിദ്ധികരിക്കാൻ നടപടി സ്വീകരിക്കുകയും 25-03-2023

തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൻറെ കേരളത്തിലെ എല്ലാ എഡിഷനുകളിലും, കേരള സർക്കാർ വെബ്സൈറ്റായ kerala.in./Others/Disciplinary Action- ലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. നിങ്ങൾ കുറ്റരോപണ മെമ്മോയ്ക്ക് മറുപടി ഒന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. നിങ്ങളോട് വാച്യാന്വേഷണത്തിന് 05-05-2023 തീയതി ഹാജരാകുവാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകിയെങ്കിലും നിങ്ങൾ സ്ഥലത്ത് ഇല്ലാത്തതിനാൽ നോട്ടീസ് നിങ്ങളുടെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ്. തുടർന്ന് വാച്യാന്വേഷണം പൂർത്തിയാക്കി നിങ്ങൾക്കെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പുകൾ ആണ് മേൽ സൂചന 2- ൽ പരാമർശിച്ചിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തിന്മേൽ നിങ്ങളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ശിക്ഷണനടപടികുറിപ്പിൻറെ പകർപ്പ് നൽകികൊണ്ടുള്ള കത്താണ് മേൽ സൂചന 3- ൽ പരാമർശിച്ചിട്ടുള്ളത്. ,നിങ്ങൾ സ്ഥലത്ത് ഇല്ലാത്തതിനാൽ കത്ത് കൈമാറാൻ സാധിച്ചില്ലായെന്ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മേൽ സൂചന 4 പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

ശിക്ഷണ നടപടികുറിപ്പും അനുബന്ധരേഖകളും പരിശോധിച്ചു. നിങ്ങൾക്കെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. തെളിഞ്ഞിരിക്കുന്ന കുറ്റത്തിന് ശിക്ഷയായി നിങ്ങളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽകാലികമായി തീരുമാനിക്കുന്നു. എൻറെ ഈ താൽകാലിക തീരുമാനത്തിനെതിരായി നിങ്ങൾക്ക് ഏന്തെങ്കിലും സമാധാനം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. ഇല്ലായെങ്കിൽ നിങ്ങൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എൻറെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

Jose V George
കമാണ്ടൻറ്

സ്വീകർത്താവ് : ശ്രീ.സുധീഷ് രാഘവൻ, ഹവിൽദാർ ജനറൽ നമ്പർ 8839- ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മുഖേന.